# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4048      25/06/2014-ൽ മറുപടിക്ക്

## കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഏർപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ക്യാൻസർ ചികിൽസക്കുള്ള ആധുനിക ചികിൽസകളായ ശസ്ത്രക്രിയ, റേഡിയേഷൻ, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, മജ്ജ മാററിവയ്ക്കൽ ചികിൽസ, ലേസർ ചികിൽസ തുടങ്ങിയവ ആർ.സി.സി.യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. വൻകിട ആശുപത്രികളിൽ മാത്രം ലഭിക്കുന്ന ഹൈടെക് ചികിൽസകൾ കുറഞ്ഞ ചെലവിൽ പാവപ്പെട്ടവർക്കും ആർ.സി.സി. യിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.<br>മൈക്രോ വാസ്ക്കുലർ ടിഷ്യു ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ അവയവ പുനർ നിർമ്മാണ ശസ്ത്രക്രിയ തുടങ്ങിയ ശസ്ത്രക്രിയകളും ആർ.സി.സി.യിൽ നടത്തുന്നുണ്ട്.<br>IMRT, IGRT, കൺഫോമൽ റേഡിയോതെറാപ്പി, മൈക്രോസെലക്ട്രോൺ ഉപയോഗിച്ചുള്ള ഹൈ ഡോസ് ബാക്കിതെറാപ്പി, റേഡിയോ അയഡിൻ തെറാപ്പി തുടങ്ങിയ റേഡിയോതെറാപ്പി സൗകര്യങ്ങളും ആർ.സി.സി.യിൽ നിലവിലുണ്ട്. കൂടാതെ ഹൈ ഡോസ് കീമോതെറാപ്പി, ടാർജററഡ്തെറാപ്പി എന്നി ഔഷധ ചികിൽസാ സംവിധാനങ്ങളും മജ്ജ മാററിവയ്ക്കൽ ചികിൽസയും ആർ.സി.സി.യിൽ ലഭ്യമാണ്.<br>പാലിയേററീവ് കെയറിന്റെ ഭാഗമായി മോർഫിൻ ഉൾപ്പെടെയുള്ള വേദന നിവാരണ സംകേതങ്ങളും ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗവുമായി ബന്ധപ്പെട്ട് ഒരു മോർഫിൻ നിർമ്മാണ യൂണിററും പ്രവർത്തിക്കുന്നുണ്ട്.<br>മലബാർ കാൻസർ സെന്ററിൽ നിലവിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.<br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.<br>• ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി വിഭാഗം, ഹിസ്റ്റോപാത്തോളജി, മോളിക്യുലർ ഓങ്കോളജി, മൈക്രോ ബയോളജി എന്നീ വിഭാഗം. |

| | | | |
|---|---|---|---|
| | | | • സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, ഡിജിറ്റൽ എക്സറേ/500 എം.എ എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ മാമ്മോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.<br>• എന്റോസ്കോപ്പി, കൊളോണോസ്കോപ്പി. ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br>• കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം. കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും. എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.<br>• 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്<br>• ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ റെജിസ്ട്രി. പോപ്പുലേഷൻ ബേസ്ഡ് കാൻസർ റെജിസ്ട്രി എന്നിവ കൈകാര്യം ചെയ്യുന്ന കാൻസർ റെജിസ്ട്രി വിഭാഗം.<br>• ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ അടങ്ങുന്ന ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം<br>• ബയോസ്റ്റാറ്റിക്സ് വിഭാഗം അടങ്ങുന്ന ക്ലിനിക്കൽ റിസർച്ച് വിഭാഗം.<br>കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി, റേഡിയോതെറാപ്പി ഡിപ്പാർട്ടുമെന്റുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നവീകരിക്കുന്ന പദ്ധതി നടന്നു കൊണ്ടിരിക്കുന്നു. ഇതിനായി കൊബാൾട്ട് മെഷീൻ, ലീനിയർ ആക്സിലറേറ്റർ, സി.റ്റി. സിമുലേറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു വരുന്നുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ സർജറി, കീമോതെറാപ്പി. റേഡിയോതെറാപ്പി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളാണ് നടത്തിവരുന്നത്. |

| | | | |
|---|---|---|---|
| (ബി) | കാൻസർ വ്യാപകമാകാനുള്ള കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ? | (ബി) | ജീവിത ശൈലിയിലുണ്ടായ മാറ്റങ്ങളും കീടനാശിനി, രാസവളങ്ങളുടെ അമിതോപയോഗം എന്നിവയിലൂടെ വളർത്തിയെടുക്കുന്ന പഴം, പച്ചക്കറികളുടെ ഉപയോഗം, പുകയില ഉപയോഗം എന്നിവ കാൻസർ വ്യാപകമാകുന്നതിന് കാരണമായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ